**POLICE** **DEPARTMENT**

**KERALA**

**No. E3-90469/2022/P**

ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 26-06-2025

**പുനർലേല പരസ്യം**

പാലക്കാട് ജില്ലാ ആസ്ഥാന ക്യാമ്പിലെ (DHQ Camp Kallekkad) പുതുക്കി പണിയുന്ന ജിംനേഷ്യം കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന ഒരു എല്ലുവ് മരം മുറിച്ചു മാറ്റുന്നതിന് ബഹു: സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ N5-197084/2022 തിയ്യതി 28.11.2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത മരം 09.07.2025 തിയ്യതി കാലത്ത് 11.00 മണിക്ക് ഡെപ്യൂട്ടി കമാണ്ടന്റിന്റെ ഓഫീസ് പരിസരത്ത് വെച്ച് പുനർ ലേലം ചെയ്തു വിൽക്കുന്നതിന് സീൽ ചെയ്ത ദർഘാസുകൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | എല്ലുവ് | 1 |

ലേല നിബന്ധനകൾ:-

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ "ക്വാർട്ടർ മാസ്റ്ററുടെ കാര്യാലയം DHQ ക്യാമ്പ് കല്ലേക്കാട് '' എന്ന മേൽ വിലാസത്തിൽ 09.07.2025 തിയ്യതി കാലത്ത് 11.00 മണിക്ക് മുമ്പ് കിട്ടത്തക്കവണ്ണം അയച്ചു തരേണ്ടതും. കൂടാതെ കവറിനു മുകളിൽ "പാലക്കാട് ജില്ലാ ആസ്ഥാന ക്യാമ്പിലെ ജിംനേഷ്യം കെട്ടിടത്തിനോട് ചേർന്ന് നിൽക്കുന്ന മരത്തിന്റെ ലേലം" എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. 09.04.2025 തിയ്യതി കാലത്ത് 11.00 മണിക്ക് ദർഘാസുകൾ തുറക്കുന്നതും ഏതിലാണോ തുക കൂടുതൽ കാണുന്നത് ആ വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ് ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ അടയ്ക്കേണ്ടതും, ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി അംഗീകരിച്ച ശേഷം ബാക്കി തുകയും, ലേലതുകയുടെ 18% GSTയും, ലേല തുകയുടെ 5% വനവികസന നികുതിയും അടയ്ക്കേണ്ടതുമാണ്. മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കോ, ഗവൺമെൻറ് വകയോ, അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്കോ, അപകടമോ, കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും, അങ്ങിനെ സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലേലം കൊണ്ട വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായതിന് ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ചശേഷം ലേലക്കാരുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെൻറ് ഉത്തരവാദിയായിരിക്കുന്നതല്ല. ലേലം മാറ്റി വയ്ക്കുന്നതിനും, നിർത്തിവയ്ക്കുന്നതിനുമുള്ള അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്, ലേലവസ്തു ലേല തിയ്യതിക്ക് 5 ദിവസം മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണിമുതൽ 17.00 മണിവരെയുള്ള സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

വിശ്വനാഥ് ആർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി (ic)

സ്വീകർത്താവ് : ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി.

പകർപ്പ് : എല്ലാ യൂണിറ്റ് മേധാവിമർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി

E3-90469/2022/P fa354c

അയക്കുന്നു/ പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ പാലക്കാട് ഡി.പി.ഒ കാഷ്യറുടെ അറിവിലേക്കായി ലേലത്തുക കൈപ്പറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും .

E3-90469/2022/P

fa354c